തസ്തികകളിലെ ഒഴിവുകളിൽ നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുവാൻ കഴിയുകയില്ല. (ഇതു സംബന്ധിച്ച് കേരള ഹൈക്കോടതിയിൽ ഒരു കേസ് നിലവിലുണ്ട്.)

സംസ്ഥാന സഹകരണ കാർഷിക വികസന ബാങ്കിനുവേണ്ടി വാങ്ങിയ സ്ഥലം

80 [1405] *ശ്രീ. പി. ജയരാജൻ* : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സഹകരണ കാർഷിക വികസന ബാങ്കിന്റെ നിലവിലുള്ള പ്രസിഡന്റ് അധികാരത്തിൽ വന്നതിനുശേഷം ഇന്നേവരെ ബാങ്കിനു സ്ഥലവും കെട്ടിടങ്ങളും വാങ്ങുന്നതിനും പുതുതായി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും മറ്റുമായി ചെലവായ തുകയുടെ ജില്ല തിരിച്ചുള്ള കണക്കുകൾ വിശദമാക്കാമോ;

(ബി) ഈ കാലയളവിൽ രജിസ്ട്രാറുടെ മുൻകൂട്ടിയുള്ള അനുമതിയില്ലാതെ ബാങ്കിനുവേണ്ടി പുതുതായി സ്ഥലം വാങ്ങുകയോ പുതുതായി കെട്ടിടം നിർമ്മിക്കുകയോ ചെയ്തിട്ടുണ്ടോ; എങ്കിൽ എവിടെയെല്ലാമാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ജില്ലതിരിച്ചുള്ള കണക്ക് ഇപ്രകാരമാണ്:

1. ഇടുക്കി ജില്ലയിലെ ചെറുതോണിയിൽ ബാങ്ക് വക സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതിന് ചെലവായ തുക 76.06 ലക്ഷം രൂപ.

2. കോട്ടയം ജില്ലയിൽ നാഗമ്പടത്ത് സ്ഥലവും കെട്ടിടവും വാങ്ങുന്നതിന് ചെലവായ തുക 72.50 ലക്ഷം രൂപ.

3. തൃശ്ശൂർ ടൗണിൽ സ്ഥലവും കെട്ടിടവും വാങ്ങുന്നതിന് ചെലവായ തുക 36.78 ലക്ഷം രൂപ.

(ബി) മുകളിൽ പറഞ്ഞ കെട്ടിടനിർമ്മാണത്തിനും കെട്ടിടം ഉൾപ്പെടെയുള്ള സ്ഥലം വാങ്ങുന്നതിനുമുള്ള അനുമതി സഹകരണസംഘം രജിസ്ട്രാർ നൽകിയിട്ടുണ്ട്.

മണീഡ് സർവ്വീസ് സഹകരണ ബാങ്കിൽ നടന്ന സാമ്പത്തിക അഴിമതിയും ക്രമക്കേടും

81 [1406] *ശ്രീ. ടി. എം. ജേക്കബ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) എറണാകുളം ജില്ലയിൽ പ്രവർത്തിക്കുന്ന മണീഡ് സർവ്വീസ് സഹകരണ ബാങ്കിൽ സാമ്പത്തിക അഴിമതിയും ക്രമക്കേടും നടന്നുവെന്ന് ആരോപിച്ച് ആരുടെയെങ്കിലും പരാതി സഹകരണ വകുപ്പിന് ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) മൂവാറ്റുപുഴ സഹകരണസംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) നടത്തിയ അന്വേഷണത്തിന്റെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) പ്രാഥമിക റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഭരണ സമിതിയോട് വിശദീകരണം ആവശ്യപ്പെട്ടതിന്റെ മറുപടി ലഭിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) ഹൈക്കോടതിവിധിയുടെ അടിസ്ഥാനത്തിൽ കേരള സഹകരണ നിയമം 65-ാം വകുപ്പുപ്രകാരം പരാതിക്കാരൻ രജിസ്ട്രാർക്ക് സമർപ്പിച്ച അപേക്ഷയുടെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്;

(ഇ) ഈ സംഘത്തിൽനിന്നും പ്രസിഡന്റ് കാർഷികവായ്പകളും മറ്റും സഹകാരികൾ അറിയാതെ അവരുടെ പേരിൽ വ്യാജരേഖ ഉണ്ടാക്കി പണം എടുക്കുന്നതായി ഉണ്ടായിട്ടുള്ള ആക്ഷേപത്തെ സംബന്ധിച്ച് എന്ത് നടപടികളാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളത്;

(എഫ്) പ്രസ്തുത സംഘത്തിൽ അംഗങ്ങളെ ചേർക്കാൻ അനുവദിക്കാത്ത സാഹചര്യത്തിൽ അംഗങ്ങളാകാൻ ആഗ്രഹിക്കുന്നവർക്ക് അംഗത്വം നൽകാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ലഭിച്ചിട്ടുണ്ട്. ശ്രീ. കെ. കെ. ജോയി 5-1-2004, 29-1-2004, 2-3-2005, 19-2-2006 തീയതികളിലെയും ജോയി മുതൽ 35 പേരുടെ തീയതി വയ്ക്കാത്ത പരാതിയും സഹകരണവകുപ്പിന് ലഭിച്ചിട്ടുണ്ട്. ആയതിൽ 5-1-2004, 29-1-2004 തീയതികളിലെ പരാതി എറണാകുളം ജോയിന്റ് രജിസ്ട്രാർക്കും അസിസ്റ്റന്റ് രജിസ്ട്രാർക്കും 2-3-2005, 19-2-2006 തീയതികളിലെയും തീയതി വയ്ക്കാത്ത മറ്റൊരു പരാതിയും രജിസ്ട്രാർക്ക് ലഭിച്ചിട്ടുണ്ട്.

(ബി) അന്വേഷണ റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. അന്വേഷണത്തിൽ കണ്ടെത്തിയ ന്യൂനതകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(സി) മറുപടി ലഭിച്ചിട്ടുണ്ട്. എന്നാൽ നൽകിയ മറുപടി തൃപ്തികരമല്ലാത്തിനാൽ ഭരണസമിതിക്ക് വീണ്ടും നോട്ടീസ് നൽകിയിട്ടുണ്ട്.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) 65-ാം വകുപ്പുപ്രകാരമുള്ള അന്വേഷണത്തിന് നിയമാനുസൃതമായ അപേക്ഷ ലഭിച്ചിട്ടില്ല. പൊതുവായി ആരോപണങ്ങൾ ഉൾക്കൊള്ളുന്ന ഒരു പരാതിയാണ് ലഭിച്ചിട്ടുള്ളത്. പരാതിയിൻമേൽ അന്വേഷണം നടന്നുവരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 65-ാം വകുപ്പുപ്രകാരം അന്വേഷണം നടത്തേണ്ട ആവശ്യമുണ്ടെന്ന് കാണുകയാണെങ്കിൽ അന്വേഷണം നടത്താൻ നടപടി സ്വീകരിക്കുന്നതാണ്.

(ഇ) അത്തരം ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(എഫ്) അർഹരായവർക്ക് അംഗത്വം നിഷേധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അംഗത്വം നിഷേധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ നിയമാനുസൃത നടപടികൾ ഭരണസമിതിക്കെതിരെ സ്വീകരിക്കുന്നതാണ്.

കോട്ടയം ജില്ലയിൽ പ്രവർത്തിക്കുന്ന കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ടയർ ഫാക്ടറി

82 [1407] *ശ്രീ. ടി. എം. ജേക്കബ്:*
,, *ഷിബു ബേബി ജോൺ:*
,, *ആർ. ബാലകൃഷ്ണപിള്ള:*
,, *ജോണി നെല്ലൂർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിൽ പ്രവർത്തിക്കുന്ന കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ടയർ ഫാക്ടറി ലിമിറ്റഡ് നമ്പർ 4398 രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചത് എന്നാണ്; ഈ സൊസൈറ്റിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(ബി) ഇതിലെ ഭരണസമിതി അംഗങ്ങൾ ആരെല്ലാമാണ്;

(സി) ഈ സഹകരണ സ്ഥാപനം പാലായ്ക്ക് അടുത്ത് വലവൂരിൽ ടയർ ഫാക്ടറി സ്ഥാപിച്ചിട്ടുണ്ടോ;

(ഡി) പ്രസ്തുത സഹകരണസംഘത്തിലേക്ക് കേരളത്തിലെ ഏതെല്ലാം സഹകരണ സംഘങ്ങൾ ഫാക്ടറിക്കുവേണ്ടി മൂലധന നിക്ഷേപങ്ങൾ നൽകിയിട്ടുണ്ട്;

(ഇ) ടയർ ഫാക്ടറിക്കായി എത്ര ഏക്കർ സ്ഥലം വാങ്ങിച്ചു;

(എഫ്) ഈ സംഘത്തിന്റെ എത്ര വാർഷിക പൊതുയോഗങ്ങൾ നടന്നിട്ടുണ്ട്;

(ജി) പ്രസ്തുത സ്ഥാപനത്തെക്കുറിച്ച് എന്തെങ്കിലും ആക്ഷേപം ഉണ്ടായിട്ടുണ്ടോ; എങ്കിൽ അതേക്കുറിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ:

GPM. 2/567/2012—14

LIBRARY ARCHIVES Kerala Legislative Assembly